'ഭരണഭാഷ - മാതൃഭാഷ'

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

നമ്പർ. D/D4/3979/2023/STDD(1) തീയതി: 17/03/2023

# സർക്കുലർ

പട്ടികവർഗ്ഗ വികസന വകുപ്പിന് കിഴിൽ തിരുവനന്തപുരം ജില്ലയിലെ ഞാറനീലി ,കുറ്റിച്ചൽ എന്നിവിടങ്ങിളിൽ പ്രവർത്തിക്കുന്ന സി .ബി .എസ് .ഇ വിദ്യാലയങ്ങളിൽ 2023 -2024 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സ് പ്രവേശനത്തിനായി കുട്ടികളെ തെരഞ്ഞടുക്കുന്നതിന് യോഗ്യരായ വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 10/04/2023.

കുടുബ വാർഷിക വരുമാനപരിധി 2,00,000 / -രൂപയിൽ കൂടുവാൻ പാടില്ല .അതേസമയം പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വരുമാനപരിധി ബാധകമല്ല..മേൽപറഞ്ഞ ഓരോ സ്കൂളുകളിലേക്കും ഒട്ടാകെ 40 വിദ്യാർത്ഥികൾക്കാണ് 1 -)o ക്ലാസ്സിലേക്ക് അഡ്മിഷൻ നൽകുന്നത് .പട്ടികവർഗ്ഗത്തിൽപ്പെട്ട 32 വിദ്യാർത്ഥികളെ തെരഞ്ഞടുക്കാവുന്നതാണ് .ശേഷിക്കുന്ന 8 വീതം സീറ്റുകളിൽ 4 സീറ്റ് വീതം പട്ടിക ജാതിക്കാർക്കും 4 സീറ്റ് വീതം ജനറൽ വിഭാഗത്തിലും പെട്ടവർക്ക് നൽകാവുന്നതാണ് .ഇതിനായി ജനറൽ വിഭാഗത്തിലും .പട്ടികജാതി വിഭാഗത്തിലും ഉള്ള ഒഴിവുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ അതാതു പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ 10 -4 -2023 ന് മുൻപായി പ്രോജക്ട് ഓഫീസർ ,ഐ .റ്റി .ഡി .പി നെടുമങ്ങാട് തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ് .ഈ കാര്യത്തിലുള്ള തെരഞ്ഞടുപ്പ് നെടുമങ്ങാട് പ്രോജക്ട് ഓഫീസറുടെ മേൽനോട്ടത്തിൽ ഞാറനീലി ഡോ :എ .വി .എൻ .സി .ബി .എസ് .ഇ .സ്കൂൾ ,കുറ്റിച്ചൽ ജി .കാർത്തികേയൻ മെമ്മോറിയൽ സി .ബി .എസ് .ഇ .സ്കൂൾ എന്നിവിടങ്ങളിലെ പ്രിൻസിപ്പൾമാരുടെ നേതൃത്ത്വത്തിലുള്ള ഒരു ബോർഡ് രൂപീകരിച്ച് നടത്തേണ്ടതാണ് .തെരഞ്ഞടുക്കുന്ന വിദ്യാർത്ഥികളെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടെ 1 -)o ക്ലാസ്സിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .തെരഞ്ഞടുപ്പ് സംബന്ധിക്കുന്ന തീയതിയും വിവരങ്ങളും സംബന്ധിച്ച് പത്ര മാധ്യമങ്ങളിലൂടെ പ്രചരണം നടത്തുന്നതിനും പട്ടിക വർഗ്ഗ പ്രമോട്ടർമാർ വഴി കോളനികളിൽ വേണ്ട അറിയിപ്പ് നൽകുന്നതിനും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് .കുറ്റിച്ചൽ ,ഞാറനീലി സി .ബി .എസ് .ഇ MRS കളിലെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ / രക്ഷകർത്താക്കൾ കേന്ദ്ര / സംസ്ഥാന / പൊതുമേഖല ജീവനക്കാരല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് .

ഞാറനീലി ഒന്നാം ക്ലാസ്സ് പ്രവേശനം ആകെ കുട്ടികൾ 40

| വിഭാഗം | എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|---|
| എസ് .റ്റി | 32 | 16 | 16 | 80 % |
| എസ് .സി | 4 | 2 | 2 | 10 % |
| ജനറൽ | 4 | 2 | 2 | 10 % |
| ആകെ | 40 | 20 | 20 | 100 % |

കുറ്റിച്ചൽ ഒന്നാം ക്ലാസ്സ് പ്രവേശനം ആകെ കുട്ടികൾ 40

| വിഭാഗം | എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|---|
| എസ് .റ്റി | 32 | 16 | 16 | 80 % |
| എസ് .സി | 4 | 2 | 2 | 10 % |
| ജനറൽ | 4 | 2 | 2 | 10 % |
| ആകെ | 40 | 20 | 20 | 100 % |

ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം

1 )പ്രോജക്ട് ഓഫീസർ
2 ) പട്ടികവർഗ്ഗ വികസന ഓഫീസർ
3 )SS ,മാനേജർ ,പ്രിൻസിപ്പാൾ ALL MRS
4) AD(pub) വെബ്സൈറ്റിലും
സോഷ്യൽ മീഡിയയിലും പ്രചരിപ്പിക്കുന്നതിന്